**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5746** **16-03-2023 - ൽ മറുപടിയ്ക്ക്**

**ഉള്ളിയേരി സി.എച്ച്.സി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ നവീകരിക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി.എച്ച്.സി. കളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ; | (എ) | **സംസ്ഥാനത്തെ ആരോഗ്യമേഖലയുടെ സമഗ്ര പരിരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ തിരഞ്ഞെടുത്ത 76 സ്ഥാപനങ്ങൾക്കായി 28.31 കോടി രൂപയും രണ്ടാം ഘട്ടത്തിൽ തിരഞ്ഞെടുത്ത76 സ്ഥാപനങ്ങൾക്കായി 27.86 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.** |
| (ബി) | കാലപ്പഴക്കമുള്ളതും ആവശ്യത്തിന് സൗകര്യമില്ലാത്തതുമായ ബാലുശ്ശേരി ഉള്ളിയേരിയിലെ സി.എച്ച്.സി. പുതുക്കി പണിയുന്നതിനായി തീരുമാനിച്ചിട്ടുണ്ടോ; ഉള്ളിയേരി സി.എച്ച്.സി. യുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി സിഎച്ച്.സി ഉള്ളിയേരിയിലെ നിലവിലുള്ള കെട്ടിടത്തിലെ നവീകരണ പ്രവൃത്തികൾക്കായി 37.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പ്രവൃത്തികൾ ഉടൻ ആരംഭിക്കും. ടി സ്ഥാപനം നവീകരിക്കുന്നതിനായി എം.ദാസൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഉള്ള്യേരി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ ജില്ലാ മെഡിക്കൽ ഓഫീസർ പി.ഡബ്ല്യൂഡിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ